പുണ്യശ്ലോകനായ

# മീഖായേൽ തിരുമേനി

## H.G.MICHAEL MOR DIONYSIUS METROPOLITAN.



Born : 27 - 5 - 1879

Slept in Christ : 18 - 1 -1956

1512

പുണ്യശ്ലോകനായ

# മീഖായേൽ തിരുമേനി

## (ജീവചരിത്ര സംഗ്രഹം)

പ്രസാധകൻ

**ദിവ്യ ശ്രീ. ഇ.കെ. കുര്യാക്കോസ് ഇലവിനാമണ്ണിൽ**

പൗരോഹിത്യ പാരമ്പര്യമുള്ള ഇലവിനാമണ്ണിൽ കുടുംബത്തിലെ ദിവ്യ ശ്രീ. ഇ.കെ.കുര്യാക്കോസ് കത്തനാർ ഈ ഗ്രന്ഥത്തിന് പ്രസാധകനായത് ദൈവനിശ്ചയമാണെന്ന് കരുതുന്നു. ഇലവിനാമണ്ണിൽ കുടുംബത്തിലെ വൈദികരായിരുന്നു ഓമല്ലൂരും പരിസര പ്രദേശങ്ങളിലും സുറിയാനി ക്രിസ്ത്യാനികളെ അന്ത്യോഖ്യ വിശ്വാസത്തിലുറപ്പിച്ച് നിർത്തിയത്.

ദിവ്യ ശ്രീ. ഇ.എസ്. കുര്യാക്കോസ് കത്തനാരുടെ ഇളയ പുത്രൻ ശ്രീ. ഇ.കെ. കുര്യാക്കോസ് വിദ്യാഭ്യാസത്തിന് ശേഷം മലേക്കുരിശ്, മഞ്ഞിനിക്കര, ദയറാകളിൽ വൈദികവിദ്യാഭ്യാസമാരംഭിച്ചു. അദ്ദേഹം 1976 സെപ്തംബർ 14-ാം തീയതി മഞ്ഞിനിക്കര സെന്റ് സ്റ്റീഫൻസ് പള്ളിയിൽ വച്ച് "കോറൂയോ" പട്ടം ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവയിൽ നിന്നും പ്രാപിച്ചു. ആ ശ്രേഷ്ഠപിതാവിൽ നിന്ന് 1977 ജൂലായ് 23-ാം തീയതി തൃക്കോതമംഗലം മാർ ശർബീൽ ദയറാ പള്ളിയിൽ വച്ച് "യഫദ്യഖ്നോ" പട്ടവും, കാവുംഭാഗം പള്ളിയിൽ വച്ച് 1978 ഡിസംബർ 3-ാം തീയതി "മ്ശംശോനോ" പട്ടവും, 1978 ഡിസംബർ 17-ാം തീയതി മഞ്ഞിനിക്കരയിലെ സെന്റ് സ്റ്റീഫൻസ് പള്ളിയിൽ വച്ച് "കാശീശോ" പട്ടവും സ്വീകരിക്കപ്പെട്ടു.

ഇലവിനാമണ്ണിൽ ദിവ്യ ശ്രീ. ഇ.കെ. കുര്യാക്കോസ് അച്ചന്റെ ബസ്ക്യാമൊ, ആലപ്പുഴ കല്ലുങ്കൽ, തേക്കിൻ കുടുംബത്തിലെ ശ്രീമതി സുമയാണ്. മൂന്ന് പെൺകുട്ടികളും ഒരാൺകുട്ടിയും ആ ദമ്പതികൾക്കുണ്ട്. ഇളയ മോൻ (സച്ചിൻ) വി. മദ്ബഹ ശുശ്രൂഷക സഹായകനാണ്. ഈ ഗ്രന്ഥത്തിന് സാമ്പത്തിക സഹായം ക്രമീകരിച്ചുതന്ന ബഹുമാനപ്പെട്ട അച്ചനെ നന്ദിനിറഞ്ഞ ഹൃദയത്തോടെ സ്മരിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നു.

എറണാകുളം;<br>27-05-2007

ഗ്രന്ഥകർത്താവ്<br>സി.വി.കെ. ചെമ്പോല